# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം</u>

4701 ശ്രീ. എം. എ. ബേബി
'' എ. എം. ആരിഫ്
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമൂഹ്യ മേഖലയിൽ നടത്തിയിട്ടുള്ള ചെലവ് ആകെ ചെലവിന്റെ അനുപാതത്തിൽ പരിശോധിച്ചാൽ മുൻ വർഷത്തെക്കാൾ വളരെയധികം കുറഞ്ഞിരിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം എന്നീ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി 2013-14 ൽ ഇപ്പോൾ തുടർന്നു വരുന്ന നയത്തിൽ ആവശ്യമായ മാറ്റം വരുത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ലോകബാങ്ക് ഫണ്ട് വിനിയോഗം

4702 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്കുംനഗരകാര്യസ്ഥാപനങ്ങൾക്കും ലോകബാങ്കു നൽകുന്ന സഹായധനം വിനിയോഗിക്കുന്നത് ഏത് വിധമായിരിക്കണമെന്ന് ലോകബാങ്ക് വ്യവസ്ഥകൾ വെച്ചിട്ടുണ്ടോ;

(ബി) പദ്ധതി വിനിയോഗങ്ങളുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തണമെന്നും എല്ലാ നടപടികളും സുതാര്യമായിരിക്കണമെന്നും വ്യവസ്ഥയുണ്ടോ; അത് പാലിക്കപ്പെടുന്നുണ്ടോ;

(സി) ഈ വ്യവസ്ഥകൾ പാലിക്കാൻ കഴിയാത്തപക്ഷം തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് തിരിച്ചടക്കേണ്ടതുണ്ടോ; ലോകബാങ്ക് ഫണ്ട് എത്രയാണ് സംസ്ഥാനത്താകെ ലഭിച്ചതെന്നും അതിന്റെ വിനിയോഗം ഏത് വിധത്തിലാണെന്നും മറ്റും വിശദാംശങ്ങളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ഭവനനിർമ്മാണത്തിന് പഞ്ചായത്തുകളുടെ ധനസഹായം

4703 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണത്തിന് പഞ്ചായത്തുകൾ ധനസഹായം നൽകുകയും എന്നാൽ ആയത് പൂർത്തിയാക്കാൻ കഴിയാതിരിക്കുകയും ചെയ്ത ഗുണഭോക്താക്കൾക്ക് പ്രവൃത്തി പൂർത്തിയാക്കുവാൻ സാമ്പത്തിക സഹായം നൽകുമോ;

(ബി) ആയതിനായി തുക വകയിരുത്താൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ആയതിനായി ഓരോ ഗുണഭോക്താവിനും എന്ത് തുക നൽകുവാനാണ് നിർദ്ദേശിച്ചിട്ടുളളത്;

(ഡി) നിലവിൽ വർദ്ധിപ്പിച്ചുനൽകുന്ന തുകയിൽനിന്നും കൈപ്പറ്റിയ തുക കഴിച്ച് ബാക്കി തുക നൽകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പ്ലാൻ ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്ന റോഡുകളുടെ വീതി</u>

4704

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന പഞ്ചായത്ത് അതിർത്തിയിലെ റോഡുകൾക്ക് ചുരുങ്ങിയത് നിശ്ചിത വീതി ഉണ്ടാകണമെന്ന് നിഷ്കർഷിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; ഇത് എത്രയാണ്; ഉത്തരവിന്റെ കോപ്പി ഹാജരാക്കാമോ; എന്നുമുതലുള്ള പദ്ധതികൾക്കാണ് ഇത് ബാധകമാക്കിയിട്ടുളളത്;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും, ലക്ഷംവീടുകോളനികളിലും മറ്റും റോഡുകൾക്ക് മിനിമം വീതി നിർദ്ദേശിക്കപ്പെടുന്നതുവഴി, അടിസ്ഥാന സൗകര്യ വികസനം അട്ടിമറിക്കപ്പെടും എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 3 മീറ്ററിൽ താഴെമാത്രം വീതിവരുന്ന ഫുട്പാത്തുകൾ ഉൾപ്പെടെയുളള നടപ്പുവഴികളുടെ നിർമ്മാണവും മെയിന്റനൻസും നടത്തുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് ഇറക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

വൈക്കം നിയോജകമണ്ഡലത്തിലെ
പഞ്ചായത്തുകളിൽ 2012-13 വർഷം ചെലവഴിച്ച തുക

4705 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ 2012-13 വർഷം അംഗീകരിച്ച പദ്ധതികളിൽ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ച വിഹിതത്തിൽ എത്ര ശതമാനം തുകയാണ് ഓരോ പഞ്ചായത്തും ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ പട്ടികജാതി വിഭാഗക്കാർക്കായി തയ്യാറാക്കിയ പദ്ധതികൾക്ക് തുടർച്ചയായി ഏറ്റവും കുറവ് തുക ചെലവഴിക്കുന്നതായി ഏതെങ്കിലും പഞ്ചായത്തുകളെ കണ്ടെത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

സി. എസ്. എസ്. തുക വിനിയോഗം

4706 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ 2012–13 വർഷത്തെ തുക വിനിയോഗത്തിന്റെ കണക്കുപ്രകാരം other CSS–ൽ 36% വും 100% CSS–ൽ 0% ആണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ബി) 100% CSS–ൽ പണമൊന്നും വിനിയോഗിക്കാതെ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>വസ്തു നികുതി പുനർനിർണ്ണയ ചട്ടങ്ങളിലെ ഭേദഗതി</u>

4707 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് രാജ് 2011-ലെ വസ്തുനികുതി പുനർനിർണ്ണയ ചട്ടങ്ങളിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം കണക്കാക്കി ഉടമകൾക്ക് നികുതി നിർണ്ണയിക്കാനുള്ള വ്യവസ്ഥ നീക്കം ചെയ്യാനുണ്ടായ കാരണങ്ങൾ വിശദീകരിക്കാമോ;

(ബി) ഇത്തരത്തിൽ വ്യവസ്ഥകൾ ഭേദഗതി ചെയ്തത് മൂലം നികുതി നിശ്ചയിക്കുന്നതിലെ സുതാര്യത ഇല്ലാതാകുമെന്നും ആയത് അഴിമതിക്ക് കാരണമാകുമെന്നുമുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമകൾ നൽകുന്ന സത്യവാങ്മൂലം കൂടി പരിഗണിച്ച് നികുതി നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.06.2013–ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ ചട്ടം പരിഷ്ക്കരിക്കൽ നടപടി</u>

4708 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പരിധിയിൽ പുതുതായി നിർമ്മിക്കപ്പെടുന്ന വീടുകൾക്ക്/കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നിബന്ധനകളാണ് ഇപ്പോൾ നിലവിലുളളത്; ഈ ഉത്തരവുകളുടെ കോപ്പി ഹാജരാക്കുമോ;

(ബി) വൈദ്യുതി പ്രതിസന്ധി ഒഴിവാക്കുന്നതിനായി നിശ്ചിത ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുളള കെട്ടിടങ്ങൾക്ക് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുന്നതിനുളള വ്യവസ്ഥകൂടി ഉൾപ്പെടുത്തി കെട്ടിടനിർമ്മാണ ചട്ടം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.06.2013–ലെ മറുപടിക്ക്

<u>കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി</u>

4709

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധമാക്കുന്ന നിയമഭേദഗതി നടത്തിയിട്ടുണ്ടോ;

(ബി) എത്ര ചതുരശ്രമീറ്റർ വിസ്തൃതിയിൽ കൂടുതൽ ഉള്ള കെട്ടിടങ്ങൾക്കാണ് പ്രസ്തുത നിബന്ധന നിർബന്ധമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) മഴവെള്ള സംഭരണികൾ നിർബന്ധമാക്കുന്നതിനോടൊപ്പം ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായംകൂടി അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ജനസംഖ്യാനുപാതികമായി പഞ്ചായത്തുകളുടെ വിഭജനം</u>

4710 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യാനുപാതികമായി സംസ്ഥാനത്തെ പഞ്ചായത്തുകളെ വിഭജിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് തുടർ നടപടികൾ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കുറുവ ഗ്രാമപഞ്ചായത്ത് വിഭജനം</u>

4711 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളരെ വിസ്തൃതിയുള്ളതും, അൻപതിനായിരത്തിലധികം ജനസംഖ്യയുള്ളതുമായ കുറുവ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കുറുവ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

## കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>പുതിയ പഞ്ചായത്തുകളുടെ രൂപീകരണം</u>

4712 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ പഞ്ചായത്തുകളാണ് രൂപീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ നടപടി</u>

4713 ശ്രീ.ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ മാലിന്യ നിർമ്മാർജ്ജനത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഇതുവരെയായി എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(സി) പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരെ ഓരോ ജില്ലയിലും ഈ സർക്കാരധികാരമേറ്റ ശേഷം എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ഉറവിട മാലിന്യ സംസ്ക്കരണം പദ്ധതി

4714 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ലഘുവായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് പദ്ധതികളാവിഷ്ക്കരിക്കുന്നതിന് മുൻഗണന നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോ;

(ബി) ഇതിന് കേന്ദ്ര-സംസ്ഥാന -തദ്ദേശസ്ഥാപനങ്ങളുടെ സബ്സിഡി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഗ്രാമപഞ്ചായത്തുകളെ ഇത്തരം സാങ്കേതിക വിദ്യകളിൽ സഹായിക്കുവാൻ ഏതെങ്കിലും സർക്കാർ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ജനസാന്ദ്രതയേറിയ പഞ്ചായത്തുകളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി പദ്ധതി</u>

4715 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസാന്ദ്രതയേറിയ പഞ്ചായത്തുകളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) മാലിന്യസംസ്കരണത്തിനുവേണ്ടി ആവശ്യമായ സാങ്കേതികവിദ്യ നൽകുന്നതിന് ഏതെങ്കിലും ഏജൻസികളുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; ആയതിനു പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മാലിന്യം നീക്കം ചെയ്യുന്നതിന് ജനസാന്ദ്രതയേറിയ പഞ്ചായത്തുകളിൽ കൂടുതൽ ജീവനക്കാരെയും, വാഹനങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>ശുചിത്വ മിഷൻ</u>

4716 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉറവിട മാലിന്യ സംസ്കരണത്തിന് പഞ്ചായത്തുകൾക്ക് ശുചിത്വ മിഷൻ മുഖേന എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത്;

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് പദ്ധതികൾ സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) പദ്ധതി സമർപ്പിക്കാത്ത പഞ്ചായത്തുകൾക്ക് അത് സമർപ്പിക്കുന്നതിന് അവസരം നൽകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പന്നിഫാം അടച്ചുപൂട്ടുന്നതിന് നടപടി</u>

4717 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാള പഞ്ചായത്തിലെ പഴൂക്കര പാറക്കൂട്ടത്ത് ചെമ്മിനിയാടൻ തോമസ് മകൻ സൈമൺ, ലൈസൻസില്ലാതെ, അനധികൃതമായി നടത്തി വന്നിരുന്ന പന്നിഫാമിനെതിരെ തദ്ദേശവാസികൾ നടത്തുന്ന സമരവും, പന്നിഫാം അടച്ചുപൂട്ടുന്നതിന് ട്രൈബ്യൂണലിന്റെ വിധി ഉണ്ടായിട്ടും വിധി നടപ്പാക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പന്നിഫാം അടച്ചുപൂട്ടുന്നതിനുള്ള ട്രൈബ്യൂണൽ വിധി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പൊതുസ്ഥലങ്ങളിലെ തെരുവുനായശല്യം</u>

4718

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലും പൊതുവഴികളിലും തെരുവുനായശല്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിദിനം തെരുവുനായകളുടെ കടിയേറ്റ് ധാരാളം പേർ ആശുപത്രിയിലെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ പ്രായോഗികമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ ഭാരവാഹികൾക്ക് ഓണറേറിയം</u>

4719 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സി.ഡി.എസ് വൈസ് ചെയർപേഴ്സൺ, കൺവീനർ, എ.ഡി.എസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് നിലവിൽ എന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നുണ്ടോ;

(ബി) ഇവർക്ക് പഞ്ചായത്തുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഓണറേറിയം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങളും അറവ് ശാലകളും</u>

4720 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങളുടേയും അറവ് ശാലകളുടേയും നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളെയാണ് പദ്ധതി നടത്തിപ്പിനു വേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) ഇതിനുള്ള ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടു
ള്ളത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഇതിനകം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പൊതുശ്മശാനങ്ങൾ നിർമ്മിക്കാൻ നടപടി</u>

4721 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ പൊതുശ്മശാനം</u>

4722 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ പൊതുശ്മശാനം ഉണ്ട്; വ്യക്തമാക്കുമോ;

(ബി) മൃതദേഹങ്ങൾ അടക്കം ചെയ്യുന്നതിന് മതിയായ ഭൂമി പല സ്ഥലത്തും ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വസ്തുത കണക്കിലെടുത്ത് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഉപയോഗിക്കാൻ കഴിയുന്ന പൊതുശ്മശാനങ്ങൾ എല്ലാ പഞ്ചായത്തുകളിലും സമയബന്ധിതമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>വില്യാപ്പള്ളി പഞ്ചായത്തിലെ ലക്ഷം വീട് പദ്ധതി</u>

4723 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ ലക്ഷം വീട് പദ്ധതി പ്രകാരം എത്ര വീടുകളാണ് പൂർത്തീകരിക്കാനുള്ളത്; വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ 497/2011 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ</u>

4724 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നേരത്തേ നടത്തി വന്നിരുന്നത് എങ്ങനെയാണ്; ഇതിനുള്ള സാമഗ്രികൾ ആരാണ് സപ്ലൈ ചെയ്യുന്നത്; ഇപ്പോൾ ഇതിന് മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ എന്ത്;

(ബി) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം, മാസംതോറും ഭാരിച്ച തുക വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്തുകൾ കെ.എസ്.ഇ.ബി.യിൽ അടയ്ക്കുകയും യഥാർത്ഥത്തിൽ തെരുവുവിളക്കുകൾ പ്രകാശിക്കാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നത് പരിഹരിക്കാനായി, തെരുവുവിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ;

(സി) കത്താത്ത തെരുവു വിളക്കുകളുടെ കണക്ക് എടുക്കുന്നതിന് കെ.എസ്.ഇ.ബി. യും പഞ്ചായത്തും ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനും, 4 മാസത്തിലൊരിക്കൽ ഇത് പരിശോധന നടത്തുന്നതിനും, ഇതിന്റെയടിസ്ഥാനത്തിൽ മാത്രം തെരുവുവിളക്കുകൾക്ക് കറന്റ് ചാർജ് അടയ്ക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കാൻ തയ്യാറാകുമോ;

(ഡി) തെരുവുവിളക്കുകളുടെ മെയിന്റനൻസ് ചുമതല കെ.എസ്.ഇ.ബി.യെ ഏൽപിക്കാനും, ഇതിനാവശ്യമായ സാമഗ്രികളും വേതനവും പഞ്ചായത്തുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>അങ്കമാലി നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം</u>

4725 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള റോഡുകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരധികാരമേറ്റ ശേഷം ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ പാറ ക്വാറികൾ</u>

4726 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകളിൽ എത്ര പാറ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഈ പഞ്ചായത്തുകളിലെ ഏതെല്ലാം വാർഡുകളിൽ ക്വാറികൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടെന്നും ലൈസൻസ് ലഭിച്ചവരുടെ പേരും വിലാസവും ലഭ്യമാക്കുമോ;

(ബി) ലൈസൻസ് നൽകുന്നതിനു മുമ്പ് പാരിസ്ഥിതിക ആഘാതത്തെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിൽ എത്ര റിസോർട്ടുകൾക്ക് നിർമ്മാണ അനുമതി നൽകിയെന്നും അനുമതി ലഭിച്ചവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പൊരിഞ്ഞാഴിതോടിന്റെ ഭാഗം മണ്ണിട്ടുനികത്തിയ നടപടി</u>

4727 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മൂക്കുന്നിമലയിൽ നിന്നുളള പെരിഞ്ഞാഴിതോടിന്റെ കുറച്ചുഭാഗം മണ്ണിട്ടു നികത്തിയതു മൂലം നീരൊഴുക്ക് തടസ്സപ്പെട്ട് വെള്ളം കെട്ടിനിന്ന് പരിസരവാസികൾക്കും വസ്തുവകകൾക്കും നാശമുണ്ടാകുന്നതു സംബന്ധിച്ച പരാതി വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നും നിർദ്ദേശമെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) കൈത്തോടിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും വെളളക്കെട്ടുമൂലം നശിച്ച അതോടു ചേർന്ന പൊതുവഴി ഗതാഗതയോഗ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>ഗ്രാമസഭകളെ ശാക്തീകരിക്കുവാൻ നടപടി</u>

4728 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമസഭകളിൽ ജനപങ്കാളിത്തം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമസഭകളെ ശാക്തീകരിക്കുന്നതിനും പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്; വിശദീകരിക്കാമോ;

(സി) യുവജനങ്ങളിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും ജനാധിപത്യ ഭരണസംവിധാനങ്ങളുടെ സവിശേഷതകളെക്കുറിച്ചും ബോധവൽകരിക്കാൻ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>നിർമൽ പുരസ്കാരം നേടിയ ഗ്രാമപഞ്ചായത്തുകൾ</u>

4729 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമൽ ഗ്രാമ പുരസ്കാരം സംസ്ഥാനത്തെ എത്ര ഗ്രാമ പഞ്ചായത്തുകൾക്ക് നാളിതുവരെ ലഭിച്ചിട്ടുണ്ട്;

(ബി) മുഴുവൻ ഗ്രാമപഞ്ചായത്തുകളും നിൽമൽ ഗ്രാമപുരസ്കാരം നേടുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മൊബൈൽ ടവർ സ്ഥാപനാനുമതി</u>

4730 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ എതെല്ലാമാണ്;

(ബി) മൊബൈൽ ടവറുകൾ പരിസ്ഥിതിയ്ക്ക് ഏതെല്ലാം വിധത്തിൽ കോട്ടം വരുത്തുന്നു എന്നത് സംബന്ധിച്ച് സംസ്ഥാനതലത്തിൽ ഏതൊക്കെ ഏജൻസികൾ പഠനം നടത്തിയിട്ടുണ്ട് എന്നറിയാമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>ഗ്രാമപ്രദേശങ്ങളിൽ മൊബൈൽ ടവറുകൾ</u>

4731 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസാന്ദ്രതയുള്ള ഗ്രാമപ്രദേശങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ, വിശദാംശങ്ങൾ നൽകുമോ;

(സി) ചട്ടപ്രകാരം അനുവദനീയമാണെങ്കിലും ജനകീയപ്രക്ഷോഭം നടക്കുകയാണെങ്കിൽ മൊബൈൽ ടവർ നിർമ്മാണത്തിനെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകൾ

4732 ശ്രീ. വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സേവനങ്ങളാണ് ആയതുവഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഇവയുടെ പ്രവർത്തന സമയം ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

വിവരസാങ്കേതികവിദ്യ ജനങ്ങളിലെത്തിക്കാൻ നടപടി

4733 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യയെ സംബന്ധിച്ച് സാധാരണ ജനങ്ങൾക്ക് കൂടുതൽ അറിവ് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

താത്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

4734 ശ്രീ.വി. ഡി. സതീശൻ
'' പി. സി. വിഷ്ണുനാഥ്
'' ബെന്നി ബെഹനാൻ
'' ലൂഡീ ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ താത്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ; വിശദമാക്കുമോ:

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആയതിന്റെ പ്രയോജനം ആർക്കെല്ലാം ലഭിക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സർട്ടിഫിക്കറ്റുകൾ മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും ഉദ്യോഗസ്ഥർ ചെലവഴിച്ച തുക</u>

4735 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽ 2012-13 വർഷത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും പഞ്ചായത്ത് സെക്രട്ടറിമാർ, വി.ഇ.ഒ.മാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, അഗ്രികൾച്ചർ ഓഫീസർമാർ, വെറ്ററിനറി സർജൻമാർ എന്നിവർ ചെലവഴിച്ച തുകയും ആയതിന്റെ ശതമാനവും പ്രത്യേകം നൽകാമോ?

# കേരള നിയമസഭ
# 28.06.2013–ലെ മറുപടിക്ക്

<u>കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ്</u>

4736 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പൂക്കോട്ടിൽ ഗോപാലൻ രാജിവെച്ചത് എന്നാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിവരം തെരെഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ച തീയതി എന്നാണ്;

(സി) ഈ ഒഴിവിലേക്ക് തെരെഞ്ഞെടുപ്പ് നടന്നത് എന്നാണ്;

(ഡി) പ്രസ്തുത പഞ്ചായത്തിൽ വൈസ് പ്രസിഡന്റ് ശ്രീ. പി. സി. അഹമ്മദ് ഹാജി രാജിവച്ച തീയതിയും ആയത് തെരെഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ച തീയതിയും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത രാജി മൂലം ഒഴിവു വന്ന സ്ഥാനത്തേക്ക് തെരെഞ്ഞെടുപ്പ് നടന്നത് എന്നാണ്;

(എഫ്) സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് യഥാസമയം തെരെഞ്ഞെടുപ്പ് നടത്താതിരിക്കാൻ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ;

(ജി) നിരുത്തരവാദപരമായ സമീപനം സ്വീകരിച്ച വരണാധികാരിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ ജോലി വിഭജനം</u>

4737 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ ജോലി വിഭജനം സംബന്ധിച്ച ഉത്തരവിലെ കുറവുകൾ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദവിക്ക് അനുസൃതമായ ഉത്തരവാദിത്വം ഏൽപ്പിക്കുവാൻ ഉതകുന്ന രീതിയിൽ പ്രസ്തുത ഉത്തരവിൽ മാറ്റങ്ങൾ വരുത്തുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക</u>

4738 ശ്രീമതി കെ.കെ .ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകൾ സ്വന്തമായി വാങ്ങിയിട്ടുള്ള വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ഇപ്പോൾ ശമ്പളം, അലവൻസ് മുതലായവ നൽകുന്നത് ഏത് മാനദണ്ഡ പ്രകാരമാണ്; വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകളുടെ വാഹനങ്ങളിൽ അഞ്ച് വർഷമോ അതിൽ കൂടുതലോ സേവനമനുഷ്ഠിച്ച ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാമിഷന്റെ ക്ഷേമപ്രവർത്തനങ്ങൾക്കുളള തുക</u>

4739 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്; ആയതിൽ എന്ത് തുക സമാഹരിക്കുവാൻ കഴിഞ്ഞു; ആയതിൽ നിന്ന് എന്തു തുക ചെലവഴിച്ചു; വിശദമാക്കുമോ;

(ബി) 2013-14-ൽ ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തു തുക സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ആയതു പ്രകാരം എന്തു തുക ഇതുവരെ ലഭിച്ചു; ആയതിൽ നിന്നും എന്തു തുക ചെലവഴിച്ചു; വിശദമാക്കുമോ;

(സി) സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതുവരെ എന്ത് തുക ലഭിച്ചിട്ടുണ്ട്; ആയതു പ്രകാരം എന്ത് തുക ചെലവഴിച്ചു; എന്ത് തുക ലാപ്സായി; വിശദമാക്കുമോ;

(ഡി) സമൂഹത്തിൽ അവശതയനുഭവിക്കുന്ന ഏതൊക്കെ വിഭാഗങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇനി ഏതൊക്കെ പുതിയ വിഭാഗങ്ങളെകൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സി.എസ്.എസ്. ഫണ്ട്</u>

4740 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 100% സി.എസ്.എസ്. ഫണ്ടിൽ സാമൂഹ്യക്ഷേമ വകുപ്പ് ചെലവഴിച്ച തുക 51% മാത്രമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 100% സി.എസ്.എസ്. ഇനത്തിൽ ലഭിച്ച 142.49 കോടി രൂപയ്ക്ക് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിരുന്നതെന്നുള്ള വിവരം നൽകുമോ;

(സി) 100% ഫണ്ട് വിനിയോഗിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) എന്തെല്ലാം പ്രോജക്ടുകൾക്കായിരുന്നു ഫണ്ട് ലഭിച്ചതെന്നുള്ള വിവരം നൽകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടികൾ</u>

4741

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് മാതൃകാ അംഗൻവാടികൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുളളത്; അവ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) ഇവ ഓരോന്നിന്റെയും നിർമ്മാണത്തിന് വരുന്ന ചെലവ് എത്ര വീതമാണ്;

(സി) ഇതിൽ എം. എൽ.എ. മാരുടെ പ്രദേശിക വികസന ഫണ്ടിൽ നിന്നുളള തുക ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര രൂപ വീതമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി</u>

4742 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി</u>

4743 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഓരോ അംഗൻവാടിക്കും എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടി പദ്ധതി</u>

4744

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതു പഞ്ചായത്തിനാണ് മാതൃകാ അംഗൻവാടി അനുവദിച്ചത്;

(ബി) ഒരു മാതൃകാ അംഗൻവാടിയ്ക്ക് എന്ത് തുകയാണ് ചെലവ് വരുന്നത്;

(സി) മാതൃകാ അംഗൻവാടിക്കുവേണ്ടിവരുന്ന മൊത്തം ചെലവിൽ എത്രയാണ് എം. എൽ.എ. ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മാതൃകാ അംഗൻവാടിയുടെ നിർമ്മാണം**

4745 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മാതൃകാ അംഗൻവാടിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

അങ്കമാലി നിയോജക മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം അംഗനവാടികൾ

4746 ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം അംഗനവാടികൾ നിർമ്മിക്കുവാനും, പുനർനിർമ്മിക്കുവാനുമായി എം.എൽ.എ നൽകിയ പ്രൊപ്പോസലിൽ പ്രോഗ്രാം ഓഫീസർമാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം അംഗനവാടികൾ തിരഞ്ഞെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ആയതിനായുള്ള നബാർഡ് സഹായം എത്ര; ആയത് എന്ന് ലഭ്യമാക്കുവാൻ സാധിക്കും; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഐ. സി. ഡി. എസ് സൂപ്പർവൈസർമാരുടെ റാങ്ക് ലിസ്റ്റ്</u>

4747 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 – ൽ നിലവിൽ വന്ന ഐ. സി. ഡി. എസ് സൂപ്പർവൈസർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി; കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അംഗൻവാടി വർക്കർമാരിൽ നിന്നും ഐ. സി. ഡി. എസ് സൂപ്പർവൈസർമാരായി എത്രപേർക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചിട്ടുണ്ട്;

(സി) ഐ. സി. ഡി. എസ് സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തവനൂർ മഹിളാ മന്ദിരത്തിൽ വാച്ച്‌വുമൺ തസ്തിക</u>

4748 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവനൂർ മഹിളാ മന്ദിരത്തിൽ നിലവിൽ എത്ര അന്തേവാസികളാണുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇവിടുത്തെ അന്തേവാസികളുടെയും കുഞ്ഞുങ്ങളുടെയും സുരക്ഷയ്ക്കും, അന്തേവാസികൾ അക്രമാസക്തരാകുമ്പോൾ അവരെ നിയന്ത്രിക്കുന്നതിനും ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വിശദമാക്കാമോ;

(സി) അന്തേവാസികളുടെ സുരക്ഷയ്ക്ക് വേണ്ടി വാച്ച് വുമൺ തസ്തിക സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

4749

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്ന് എത്ര പേർക്ക് സഹായം ലഭിച്ചുവെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

4750 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13-ൽ എത്ര കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തി;

(ബി) എവിടെയെല്ലാമാണ് ആയതിന് സർജറി നടത്തുന്നത്;

(സി) ആയതിനായി എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി</u>

4751 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ശ്രുതിതരംഗം' എന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര കുട്ടികളെ സർജറിക്ക് വിധേയമാക്കുകയുണ്ടായി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആയതിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചു; സർജറിക്ക് വിധേയരായ കുട്ടികളുടെ തുടർ ചികിത്സയ്ക്ക് ഇപ്പോൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; ഈയിനത്തിൽ ഇതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) ജന്മനാ ബധിരരായ അഞ്ച് വയസ്സ് വരെ പ്രായമുളള എത്ര കുട്ടികളുടെ അപേക്ഷയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നൽകിയിട്ടുളളത്. ആയതിൽ ഈ വർഷം എത്ര കുട്ടികളെ സർജറിക്ക് വിധേയമാക്കാൻ കഴിയും; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>മക്കൾ ഇല്ലാത്ത ദമ്പതിമാരുടെ പ്രശ്നങ്ങൾ</u>

T-4752 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മക്കൾ ഇല്ലാത്ത ദമ്പതിമാരുടെ എണ്ണം അനുദിനം പെരുകി കൊണ്ടിരിക്കുകയും അവരുടെ പ്രശ്നങ്ങൾ സങ്കിർണ്ണമാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദത്തെടുക്കൽ നിമയത്തിന് അപ്രായോഗിമായ വ്യവസ്ഥകൾ ഉണ്ടെന്ന് ബോധ്യമായിട്ടുണ്ടോ ; എങ്കിൽ ടി വ്യവസ്ഥകളിൽ അയവും പ്രായോഗികതയും നൽകുന്ന വിധത്തിൽ നിയമം പരിഷ്ക്കരിക്കുമോ ;

(സി) മക്കൾ ഇല്ല എന്ന സർട്ടിഫിക്കറ്റ് പഞ്ചായത്ത് ഓഫീസുകളിൽ നിന്നും നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.06.2013–ലെ മറുപടിക്ക്

'സ്നേഹപൂർവ്വം' പദ്ധതി

4753 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതാവോ പിതാവോ നഷ്ടപ്പെടുന്ന കുട്ടികൾക്ക് ഡിഗ്രി വരെ ബന്ധുക്കൾക്കൊപ്പം താമസിച്ച് വിദ്യാഭ്യാസം ചെയ്യുന്നതിനായി പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയായ 'സ്നേഹപൂർവ്വം' പദ്ധതിയെക്കുറിച്ചുള്ള വിശദമായ വിവരം ലഭ്യമാക്കാമോ;

(ബി) പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുവാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ബഡ്സ് സ്കൂളുകൾക്കുള്ള ബസ്സുകളുടെ മെയിന്റനൻസ് ചെലവുകൾ</u>

4754 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബഡ്സ് സ്കൂളുകൾക്കുള്ള ബസ്സുകളുടെ മെയിന്റനൻസ് ചെലവുകൾ ഇപ്പോൾ ആരാണ് വഹിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഈ ചെലവ് സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പ്രൊബേഷനറി ഓഫീസർമാരുടെ നിയമനം</u>

4755 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് ആക്ട് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് പ്രൊബേഷനറി ഓഫീസർമാരുടെ സേവനം അത്യന്താപേക്ഷിതമാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആക്ട് അനുസരിച്ചുള്ള പ്രൊബേഷനറി ഓഫീസർമാർ കേരളത്തിൽ മൂന്ന് ജില്ലകളിൽ മാത്രമേയുള്ളു എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രൊബേഷനറി ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>'നിർഭയ' പദ്ധതി</u>

4756 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) 'നിർഭയ' പദ്ധതി സംസ്ഥാനത്ത് മുഴുവനായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കുട്ടികളുടെ ക്ഷേമത്തിനായുള്ള വകുപ്പ് രൂപീകരണം</u>

4757 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ക്ഷേമം മുൻനിർത്തി ഇപ്പോൾ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് എന്ന് വിശദമാക്കുമോ;

(ബി) യംഗ്പേഴ്സൺസ് (ഹാംഫുൾ പബ്ലിക്കേഷൻസ്) ആക്ട് 1956 നിലവിലുണ്ടെങ്കിലും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് ഹാനികരമായ പ്രവർത്തനങ്ങളും, പ്രസിദ്ധീകരണങ്ങളും ധാരാളം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമുള്ള പദ്ധതികൾ വിവിധ വകുപ്പുകൾ നടത്തുന്നതിന് പകരം കുട്ടികളുടെ ക്ഷേമത്തിനായുള്ള വകുപ്പ് (ചൈൽഡ് വെൽഫെയർ വകുപ്പ്) രൂപീകരിച്ച് ആയതിലൂടെ നടപ്പിലാക്കുവാൻ ശ്രമിക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ</u>

4758 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് രൂപീകരിച്ച കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷന്റെ ചെയർപേഴ്സൻ നിയമനത്തിനു വേണ്ട യോഗ്യത എപ്രകാരമായിരിക്കണം എന്നാണ് സുപ്രീംകോടതി നിഷ്കർഷിച്ച് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളത്; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ ചെയർപേഴ്സനെ ഇന്റർവ്യൂ ബോർഡ് തെരഞ്ഞെടുത്തത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>ദേശീയ കുടുംബക്ഷേമ പദ്ധതി</u>

4759 ശ്രീ. കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, കെ. മുരളീധരൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബക്ഷേമ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഈ പദ്ധതി എപ്രകാരമാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതി വഴി നൽകുന്നത്; വിശദമാക്കുമോ;

(ഡി) ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ഇ) അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം പരിഗണിക്കാതെയും, ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികള്‍

4760 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികള്‍ എന്തൊക്കെയാണ്; ഓരോന്നിന്റെയും വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) ശാരീരികവും മാനസികവുമായ വെല്ലുവിളികള്‍ നേരിടുന്നവര്‍ക്കും സമാനരീതിയിലുള്ള മറ്റ് രോഗങ്ങള്‍ (ഓട്ടിസം, സെറിബ്രല്‍ പാള്‍സി തുടങ്ങിയവ) ബാധിച്ചവര്‍ക്കും, സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഇപ്പോള്‍ വകുപ്പിലൂടെ നടപ്പാക്കിവരുന്നത്;

(സി) പഞ്ചായത്തുകളുടെ വാര്‍ഷിക പദ്ധതികളില്‍ നിശ്ചിത ശതമാനം തുക ഇത്തരക്കാര്‍ക്കുവേണ്ടി നീക്കിവെക്കാനും അതുവഴി ഇവര്‍ അംഗങ്ങളായുള്ള കുടുംബങ്ങള്‍ക്ക് സഹായമെത്തിക്കുന്നതിനും എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കൗമാരപ്രായക്കാരുടെ ആത്മഹത്യാ പ്രവണത</u>

4761 ശ്രീ. എം. ഉമ്മർ
'' കെ.എം.ഷാജി
'' കെ.എൻ.എ. ഖാദർ
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൗമാരപ്രായക്കാരുടെ ആത്മഹത്യാ പ്രവണതക്കുള്ള കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ആത്മഹത്യകളുടെ കാര്യത്തിൽ സംസ്ഥാനം ദേശീയ ശരാശരിയെക്കാൾ മുകളിലാണെന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നിയന്ത്രണസംവിധാനങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സാമ്പത്തിക പ്രശ്നങ്ങൾ മൂലമുള്ള ആത്മഹത്യകളുടെ അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അംഗവൈകല്യമുള്ളവർക്കുള്ള പഠന പരിശീലനം</u>

4762 ശ്രീ. പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗവൈകല്യമുള്ള കുട്ടികളെയും, മുതിർന്നവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി അവർക്ക് തൊഴിൽ പഠനവും, പരിശീലനവും നൽകാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വൈകല്യത്തിനനുസൃതമായ പാഠ്യപരിശീലന പദ്ധതികൾ അവർക്കായി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഗ്രാമപ്രദേശങ്ങളിലെ വികലാംഗരായ കുട്ടികൾക്ക് അവർക്കുള്ള ആനുകൂല്യങ്ങളെക്കുറിച്ചും, പഠനപരിശീലന സൗകര്യങ്ങളെക്കുറിച്ചും അറിവും, സഹായവും നൽകാനുള്ള ഹെൽപ് ഡസ്ക് സൗകര്യം ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ;

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>വികലാംഗരുടെ ക്ഷേമത്തിനായി നടപടി</u>

4763 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ ക്ഷേമത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വികലാംഗരുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ;

(സി) വിവിധ വകുപ്പുകളിലേക്കുള്ള നിയമനത്തിൽ വികലാംഗർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>വികലാംഗർക്കു വേണ്ടിയുള്ള പദ്ധതികൾ</u>

4764 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന വികലാംഗർക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള പദ്ധതികൾ

4765 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ എണ്ണം എത്രയാണ്;

(ബി) ഇവർക്ക് വേണ്ടി സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദീകരിക്കുമോ;

(സി) കേരളത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ബഡ്സ് സ്ക്കൂളുകളും സ്പെഷ്യൽ സ്ക്കൂളുകളും ഉണ്ട്; ഇവയുടെ പ്രവർത്തന രീതിയും സജ്ജമാക്കിയിട്ടുള്ള സംവിധാനങ്ങളും എന്തൊക്കെയാണ്;

(ഡി) ഇത്തരം സ്ക്കൂളുകളുടെ പ്രവർത്തനം വിലയിരുത്താനും നിരീക്ഷിക്കാനും സാമൂഹ്യക്ഷേമ വകുപ്പിന് നിലവിൽ എന്ത് സംവിധാനമാണുള്ളത്?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>നിരാലംബരായ വൃദ്ധജനങ്ങൾക്ക് 'കൺവാലസന്റ് ഹോം'</u>

4766 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരുവിൽ ഉപേക്ഷിക്കപ്പെട്ടവരോ, പരിചരിക്കാൻ ആരുമില്ലാത്തവരോ ആയ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ദുർബല വിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് ഇത്തരം പദ്ധതികളുളളത്;

(സി) ഇത് മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുമോ;

(ഡി) മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് ഇത്തരക്കാരെ പുനരധിവസിപ്പിക്കാൻ 'കൺവാലസന്റ് ഹോം' സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളിലെ അന്തേവാസികളെ ബി. പി. എൽ പട്ടികയിൽ ഉൾപ്പെടുത്തൽ</u>

4767 ശ്രീ. വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി. പി. എൽ പട്ടികയിൽ അനാഥാലയങ്ങളിലെ അന്തേവാസികളെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;
വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>വിധവകളുടെയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരുടെയും ജീവിത സുരക്ഷ ലക്ഷ്യമിട്ട് പദ്ധതികൾ</u>

4768 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധവകളുടെയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരുടെയും ജീവിത സുരക്ഷ ലക്ഷ്യമിട്ട് സാമൂഹ്യക്ഷേമ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തെല്ലാം ആനുകൂല്യങ്ങളും പരിഗണനകളുമാണ് ഇവർക്ക് ലഭിക്കുന്നതെന്നും ഇവ എവിടെനിന്നുമാണ് ലഭിക്കുന്നതെന്നും പറയാമോ; ഇവർക്ക് ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ എപ്രകാരം അപേക്ഷ നൽകണമെന്നു വ്യക്തമാക്കുമോ;

(ബി) ജോലിയുള്ളവരും ഇല്ലാത്തവരുമായ വിധവകളുടെയും ഭർത്താവ് ഉപേക്ഷിച്ചവരുടെയും മക്കൾക്ക് വിദ്യാഭ്യാസ വായ്പ പലിശ രഹിതമായി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ സർവ്വീസിലും അർദ്ധ സർക്കാർ സർവ്വീസിലുമുളള വിധവകൾക്കും ഭർത്താവ് ഉപേക്ഷിച്ചവർക്കും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നു പറയുമോ; ഇവർക്ക് സർവ്വീസ് കൂടുതൽ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>വൃദ്ധസദനങ്ങൾ</u>

4769 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലോ സാമൂഹ്യക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെയോ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾ എത്ര; ആയത് എവിടെയൊക്കെ പ്രവർത്തിക്കുന്നു; വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ വൃദ്ധജനങ്ങളെ പ്രവേശിപ്പിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് വൃദ്ധജനങ്ങൾക്ക് നൽകിവരുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>വൃദ്ധജനങ്ങളുടെ സംരക്ഷണം</u>

4770 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതും, ഇവരെ ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വൃദ്ധജനങ്ങളുടെ സംരക്ഷണാർത്ഥം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

മിശ്രവിവാഹിതർക്ക് നൽകുന്ന സാമ്പത്തികസഹായം

4771 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതർക്ക് നൽകിയിരുന്ന സാമ്പത്തിക സഹായം ഇപ്പോഴും നൽകുന്നുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സാമ്പത്തികസഹായം ഇപ്പോൾ എത്ര രൂപയാണ്; വെളിപ്പെടുത്തുമോ;

(സി) ഏതുവർഷം വരെയുള്ള അപേക്ഷകർക്കാണ് ഇതുവരെ സാമ്പത്തികസഹായം നൽകിയിട്ടുള്ളത്;

(ഡി) സാമ്പത്തികസഹായത്തിനായുള്ള എത്ര അപേക്ഷകളാണ് തീരുമാനം എടുക്കാനുള്ളത്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സാമ്പത്തികസഹായത്തിനായുള്ള അപേക്ഷകൾക്കുള്ള മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ;

(എഫ്) വിവാഹത്തിനുശേഷം എത്രവർഷത്തിനുള്ളിലാണ് അപേക്ഷിക്കേണ്ടത്; അപേക്ഷ നൽകാൻ താമസിച്ചവർക്ക് വീണ്ടും അപേക്ഷ നൽകാനുള്ള അവസരം നൽകുമോ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>സംസ്ഥാനത്ത് പോഷകാഹാര നയം</u>

4772 ശ്രീ. ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോഷകാഹാര നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) നയം നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെയും ഏജൻസികളുടേയും ഏകോപനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുകളുമായി ആലോചിച്ചാണ് നയം പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സമഗ്ര പോഷകാഹാര നയം</u>

4773 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സമഗ്ര പോഷകാഹാര നയം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ആയത് എന്ന് പ്രഖ്യാപിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പോഷകാഹാരം വിതരണം</u>

4774 ശ്രീ.പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
'' ഗീത ഗോപി
ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യ ക്ഷേമവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗർഭിണികൾക്കും അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്കും പോഷകാഹാരം ലഭിക്കുന്നെണ്ടെന്നുറപ്പു വരുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) കഴിഞ്ഞ രണ്ടു വർഷക്കാലത്തിനിടയിൽ പോഷകാഹാരക്കുറവു മൂലം എത്ര ശിശു മരണങ്ങളുണ്ടായി; എത്ര ഗർഭിണികൾ മരണമടഞ്ഞു;

(സി) പോഷകാഹാരങ്ങളുടെ കുറവു മൂലം ഗർഭാവസ്ഥയിൽ തന്നെ കുഞ്ഞുങ്ങൾ മരണമടഞ്ഞ എത്ര കേസ്സുകൾ ഈ കാലയളവിലുണ്ടായിട്ടുണ്ട് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കില-യെ കൽപിത സർവ്വകലാശാലയാക്കുന്നതിന് നടപടി</u>

4775 ശ്രീ. പാലോട് രവി
'' എം. പി. വിൻസെന്റ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കില' കൽപിത സർവ്വകലാശാലയാക്കുന്നതു മൂലം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ആയതിനുള്ള സാമ്പത്തിക ശേഷി എങ്ങനെ സ്വരൂപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) വികേന്ദ്രീകരണ ആസൂത്രണത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ആയത് മൂലം കൈവരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 19.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]